# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

12.06.2014 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം. 1078

സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ശ്രീ. പി.കെ. അബ്ദുറബ്ബ് (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ എൻഞ്ചിനീയറിംഗ് കോളേജുകളിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവരുടെ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) സർക്കാർ, കാത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റ് അസോസിയേഷനും (KCECMA) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റ് അസോസിയേഷനുമായി (KSFECMA) ഫീസ് ഘടന സംബന്ധിച്ച കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ മാനേജ്മെന്റ് അസോസിയേഷനിലെ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 10,000 രൂപ ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. KCECMA-യുടെ കീഴിലുള്ള കോളേജുകളിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഫീസ് വർദ്ധിപ്പിച്ചിട്ടില്ല എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ ഇന്ററസ്റ്റ് ഫ്രീ റീഫണ്ടബിൾ ഡിപ്പോസിറ്റ് നൽകേണ്ടതില്ല അതിനു പകരമായി 8,000/- രൂപ അധികം സർക്കാർ നൽകേണ്ടതുണ്ട്. |
| ബി) ഇത്തരത്തിൽ ഫീസ് വർദ്ധിപ്പിക്കുന്നതിന് ആധാരമായ കാരണങ്ങൾ വിശദീകരിക്കുമോ? | ബി) വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി മികച്ച യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം അത്യാവശ്യമാണ്. അദ്ധ്യാപകരുടെ വേതന വർദ്ധനവും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുണ്ടായ ചെലവിന്റെ വർദ്ധനവുമാണ് ഫീസ് ഉയർത്തുവാനിടയാക്കിയ സാഹചര്യം. |

സെക്ഷൻ ഓഫീസർ